സിറ്റിയിൽ ആഘോഷം

- എവർട്ടണെ മൂന്ന് ഗോളിന് തോൽപ്പിച്ചു
- ഗുൺഡോവന് ഇരട്ടഗോൾ

ലണ്ടൻ

ഇകായ് ഗുൺഡോവന്റെ അത്ഭുത ഗോളുകൾ മാഞ്ചസ്റ്റർ സിറ്റിക്ക് ഇംഗ്ലീഷ് പ്രീമിയർ ലീഗ് ഫുട്ബോൾ കിരീടത്തിലേക്ക് വഴിതുറന്നു. മനോഹര പ്രകടനത്തിലൂടെ ഗുൺഡോവൻ സിറ്റിക്ക് എവർട്ടണിനെതിരെ മൂന്ന് ഗോൾ ജയം നൽകി. ഇതോടെ മൂന്ന് കളി ശേഷിക്കെ ഒന്നാം സ്ഥാനത്ത് സിറ്റിക്ക് 85 പോയിന്റായി. രണ്ടാമതുള്ള അഴ്സണലിനെക്കാൾ നാല് പോയിന്റ് മുന്നിൽ. കിരീടം നിലനിർത്താൻ സിറ്റിക്ക് ഇനി രണ്ട് ജയം മതി.

ചാമ്പ്യൻസ് ലീഗ് ആദ്യപാദ സെമിയിൽ റയൽ മാഡ്രിഡിനെ സമനിലയിൽ പിടിച്ചശേഷം കളത്തിലെത്തിയ സിറ്റി ആധികാരിക പ്രകടനം പുറത്തെടുത്തു. റയലിനെതിരെ ഗോളടിച്ച കെവിൻ ഡി ബ്രയ്നെ പെപ് ഗ്വാർഡിയോള ഇറക്കിയില്ല. പകരം റിയാദ് മഹ്റെസ് എത്തി. പ്രീമിയർ ലീഗ് അവസാന കളിയിൽ ലീഡ്സ് യുണൈറ്റഡിനെതിരെ ഇരട്ടഗോൾ നേടിയ ഗുൺഡോവൻ ആ മികവ് തുടർന്നു.

ആദ്യപകുതി അവസാനിക്കും മുമ്പായിരുന്നു ഗുൺഡോവന്റെ മിന്നുംഗോൾ. മഹ്റെസ് വലതുഭാഗത്തുനിന്ന് തൊടുത്ത പന്ത് സ്വീകരിച്ച്, വലയിലേക്ക് നോക്കുകപോലും ചെയ്യാതെ വലതുകാൽകൊണ്ട് തട്ടിയിട്ടു. എവർട്ടൺ ഗോൾകീപ്പർ ജോർദാൻ പിക്ഫോർഡ് കാഴ്ചക്കാരനായി.

രണ്ട് മിനിറ്റിനിടെ സിറ്റിയുടെ രണ്ടാംഗോളുമെത്തി. ഇക്കുറി ഹാലണ്ട്, ആസൂത്രകൻ ഗുൺഡോവൻ. ഈ ജർമനിക്കാരന്റെ ഇടതുഭാഗത്തുനിന്നുള്ള ക്രോസിൽ ഹാലണ്ട് പറന്നുയർന്ന് തലവച്ചു. സീസണിൽ ഹാലണ്ടിന്റെ 52–ാംഗോൾ.

രണ്ടാംപകുതിയുടെ തുടക്കത്തിൽ തകർപ്പനൊരു ഫ്രീകിക്ക് കൊണ്ട് ഗുൺഡോവൻ സിറ്റിയുടെ ജയം പൂർത്തിയാക്കി.

സിറ്റിക്ക് ഇനി ബ്രൈറ്റൺ, ചെൽസി, ബ്രെന്റ്ഫോർഡ് ടീമുകളെയാണ് നേരിടേണ്ടത്.

തോൽവിയോടെ എവർട്ടൻ തരംതാഴ്ത്തൽ ഭീഷണിയിലായി. 36 കളിയിൽ 32 പോയിന്റുമായി 17–ാംസ്ഥാനത്താണ്. ലീഡ്സിനെക്കാൾ ഒരു പോയിന്റുമാത്രം മുന്നിൽ.

മാഞ്ചസ്റ്റർ സിറ്റിയുടെ ഗോളാഘോഷിക്കുന്ന എർലിങ് ഹാലണ്ടും (ഇടത്) ഇകായ് ഗുൺഡോവനും

റയലിന് ജയം

മാഡ്രിഡ്

ചാമ്പ്യൻസ് ലീഗിൽ മാഞ്ചസ്റ്റർ സിറ്റിയുമായുള്ള ആദ്യപാദ സെമിക്കുശേഷമുള്ള ആദ്യ കളിയിൽ റയൽ മാഡ്രിഡിന് ജയം. സ്പാനിഷ് ലീഗ് ഫുട്ബോളിൽ ഗെറ്റഫെയെ ഒരു ഗോളിന് തോൽപ്പിച്ചു. സിറ്റിയുമായി കളിച്ച ടീമിൽ ഏഴ് മാറ്റങ്ങളാണ് പരിശീലകൻ കാർലോ ആൻസെലോട്ടി വരുത്തിയത്. ഏദെൻ ഹസാർഡ് ടീമിൽ ഇടം നേടി. സീസണിൽ രണ്ടാമത്തെമാത്രം കളിയാണ് ഹസാർഡിന്. വിനീഷ്യസ് ജൂനിയർ, ലൂക്കാ മോഡ്രിച്ച്, ടോണി ക്രൂസ് എന്നിവർ പകരക്കാരുടെ ബെഞ്ചിലിരുന്നു.

മാർകോ അസെൻസിയോ ഗോളടിച്ചു. നാല് കളി ശേഷിക്കെ ഒന്നാമതുള്ള ബാഴ്സലോണയുമായി 11 പോയിന്റ് പിന്നിലാണ് റയൽ.

ജർമനിയിൽ ത്രില്ലർ

ഡോർട്ട്മുണ്ട്

രണ്ട് കളിമാത്രംശേഷിക്കെ ജർമൻ ഫുട്ബോൾ ലീഗ് സൂപ്പർ ക്ലൈമാക്സിലേക്ക്. ഒന്നാമതുള്ള ബയേൺ മ്യൂണിക്കും രണ്ടാമതുള്ള ബൊറൂസിയ ഡോർട്ട്മുണ്ടും തമ്മിലുള്ള വ്യത്യാസം ഒറ്റ പോയിന്റ്. അടുത്ത രണ്ടിലും ജയിച്ചാൽ ബയേണിന് തുടർച്ചയായ 11–ാംകിരീടം നിലനിർത്താം. ഫലം മറിച്ചാകുകയും രണ്ടിലും ജയിക്കുകയും ചെയ്താൽ ഡോർട്ട്മുണ്ട് ചാമ്പ്യൻമാരാകും.

ബൊറൂസിയ മൊൺചെൻഗ്ലാദ്ബയെ 5–2ന് തകർത്താണ് ഡോർട്ട്മുണ്ട് പ്രതീക്ഷ നിലനിർത്തിയത്. ബയേണിന് 68ഉം ഡോർട്ട്മുണ്ടിന് 67ഉം പോയിന്റാണ്. നാലാംസ്ഥാനക്കാരായ ആർബി ലെയ്പ്സിഗുമായും പത്താമതുള്ള കൊളിനുമായാണ് ബയേണിന്റെ മത്സരങ്ങൾ. ഡോർട്ട്മുണ്ടിന് പതിമൂന്നാമതുള്ള ഓഗ്സ്ബർഗിനോടും ഒമ്പതാമതുള്ള മെയ്ൻസിനോടുമാണ് ശേഷിക്കുന്നത്. മെയ് 27നാണ് അവസാന റൗണ്ട് കളി.

- സുദിർമാൻ കപ്പ് ബാഡ്മിന്റൺ

ഇന്ത്യക്ക് തോൽവിത്തുടക്കം

- ട്രീസ ജോളി–ഗായത്രി സഖ്യത്തിന് ആശ്വാസജയം
- സിന്ധുവും പ്രണോയിയും തോറ്റു
- ഇന്ന് മലേഷ്യയോട്

സുജോ (ചൈന)

ലോക ബാഡ്മിന്റൺ മിക്സഡ് ടീം ചാമ്പ്യൻഷിപ്പായ സുദിർമാൻ കപ്പിൽ ഇന്ത്യക്ക് തോൽവിയോടെ തുടക്കം. ചൈനീസ് തായ്പേയിക്കെതിരായ മത്സരത്തിൽ അഞ്ചിൽ നാലു കളിയും തോറ്റു. വനിതാ ഡബിൾസിൽ മലയാളിതാരം ട്രീസ ജോളി–ഗായത്രി ഗോപിചന്ദ് സഖ്യമാണ് ആശ്വാസജയം നേടിയത്.

സിംഗിൾസിൽ മലയാളി താരം എച്ച് എസ് പ്രണോയിയും പി വി സിന്ധുവും തോറ്റു. ചൈനയുടെ ലോക അഞ്ചാംനമ്പർ താരം ചോ ടിൻ ചെൻ 21–19, 21–15ന് പ്രണോയിയെ തോൽപ്പിച്ചു. ലോക 12–ാം റാങ്കുകാരിയായ സിന്ധു ഒപ്പത്തിനൊപ്പം പൊരുതിയാണ് കീഴടങ്ങിയത്. എതിരാളി ലോക മൂന്നാംനമ്പർ താരം തായ് ടി സു യിങ് ആദ്യസെറ്റ് 21–14ന് ജയിച്ചശേഷം അടുത്തത് സിന്ധു 21–18ന് നേടി. നിർണായകമായ മൂന്നാംസെറ്റിൽ തായ് ടിസു 21–17ന് ജയിച്ചുകയറി. തുടർച്ചയായി എട്ടാംതവണയാണ് സിന്ധു ഈ കളിക്കാരിയോട് തോൽക്കുന്നത്.

മിക്സഡ് ഡബിൾസിൽ സായ് പ്രതീക്–താനിഷ ക്രാസ്റ്റോ സഖ്യയും പുരുഷ ഡബിൾസിൽ സാത്വിക് സായ്രാജ്–ചിരാഗ് ഷെട്ടി സഖ്യവും പരാജയപ്പെട്ടു. നാലു കളി തോറ്റശേഷമാണ് ട്രീസ ജോളിയും ഗായത്രിയും മാനം കാത്തത്. ആദ്യസെറ്റ് 15–21ന് കൈവിട്ടശേഷമാണ് തിരിച്ചുവന്നത്.

ഇന്ത്യ ഉൾപ്പെട്ട 'സി' ഗ്രൂപ്പിൽ മലേഷ്യ ഓസ്ട്രേലിയയെ അഞ്ചു കളിയിലും തോൽപ്പിച്ചു. ഇന്ത്യക്ക് ഇന്ന് മലേഷ്യയാണ് എതിരാളി. 17ന് ഓസ്ട്രേലിയ. നാലു ടീമുള്ള ഗ്രൂപ്പിൽ രണ്ട് സ്ഥാനക്കാർക്കാണ് ക്വാർട്ടറിലേക്ക് മുന്നേറാൻ സാധിക്കുക. അതിനാൽ ഇന്നത്തെ കളി ഇന്ത്യക്ക് നിർണായകമാണ്.

സുദിർമാൻ കപ്പ് ചൈനയുടെ കുത്തകയാണ്. 17 തവണ ചാമ്പ്യൻഷിപ് നടന്നതിൽ 12 തവണയും ചൈന ജേതാക്കളായി. അവസാന രണ്ടു ചാമ്പ്യൻഷിപ്പും ചൈനയാണ് ജയിച്ചത്. ദക്ഷിണകൊറിയ നാലുതവണ ജേതാക്കളായിട്ടുണ്ട്. ആദ്യ ചാമ്പ്യൻഷിപ് 1989ൽ ഇന്തോനേഷ്യ ജയിച്ചു. 2011ലും 2017ലും ക്വാർട്ടറിലെത്തിയതാണ് ഇന്ത്യയുടെ മികച്ച പ്രകടനം. കഴിഞ്ഞതവണ ചൈനയോടും തായ്ലൻഡിനോടും ഗ്രൂപ്പിൽ തോറ്റ് പുറത്തായിരുന്നു.

ട്രീസയും (വലത്) ഗായത്രിയും

- ഐപിഎല്ലിലെ കുറഞ്ഞ സ്കോറുകൾ
- 49– ബാംഗ്ലൂർ റോയൽ ചലഞ്ചേഴ്സ് (2017)
- 58– രാജസ്ഥാൻ റോയൽസ് (2009)
- 59– രാജസ്ഥാൻ റോയൽസ് (2023)
- 66– ഡൽഹി ക്യാപിറ്റൽസ് (2017)

ബാംഗ്ലൂരിന് കൂറ്റൻ ജയം

രാജസ്ഥാൻ തോറ്റമ്പി

- തോൽവി 112 റണ്ണിന്
- പ്ലേ ഓഫ് സാധ്യത മങ്ങി
- പാർണെൽ കളിയിലെ താരം
- സഞ്ജു 4
- ആസിഫിന് രണ്ട് വിക്കറ്റ്

ജയ്പൂർ

നിർണായക മത്സരത്തിൽ സഞ്ജു സാംസണും കൂട്ടർക്കും അടിപതറി. ഐപിഎൽ ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനോട് 112 റണ്ണിനാണ് രാജസ്ഥാൻ റോയൽസ് തകർന്നടിഞ്ഞത്. ഇതോടെ പ്ലേ ഓഫ് സാധ്യത ഏറെക്കുറെ അവസാനിച്ചു. ബാംഗ്ലൂർ പ്രതീക്ഷ സജീവമാക്കി.

172 റൺ ലക്ഷ്യവുമായി ഇറങ്ങിയ രാജസ്ഥാൻ 10.3 ഓവറിൽ വെറും 59 റണ്ണിനാണ് കൂടാരം കയറിയത്. ഐപിഎൽ ചരിത്രത്തിലെ ഏറ്റവുംകുറഞ്ഞ രണ്ടാമത്തെ സ്കോർ.

ഐപിഎല്ലിലെ ഏറ്റവും മികച്ച സംഘമായി വിലയിരുത്തപ്പെട്ട രാജസ്ഥാന് അവസാന അഞ്ച് കളിയിൽ ഒന്നിൽമാത്രമാണ് ജയിക്കാനായത്. രണ്ടുതവണ ആദ്യം ബാറ്റ് ചെയ്ത് ഓവർ പൂർത്തിയാക്കാനാകാതെ പുറത്തായി.

രാജസ്ഥാന്റെ ജോ റൂട്ടിനെ പുറത്താക്കിയ ബാംഗ്ലൂരിന്റെ വെയ്ൻ പാർണെലിന്റെ (നടുവിൽ) ആഹ്ലാദം

സ്വന്തം തട്ടകമായ ജയ്പൂരിൽ 172 റൺ ലക്ഷ്യത്തിലേക്ക് ബാറ്റേന്തിയ രാജസ്ഥാന് കണ്ണടച്ചുതുറക്കുംവേഗത്തിലായിരുന്നു ഓപ്പണർമാരെ നഷ്ടമായത്. ടീമിന്റെ ഏറ്റവും മികച്ച ബാറ്ററായ യശസ്വി ജയ്സ്വാൾ നേരിട്ട രണ്ടാംപന്തിൽ റണ്ണെടുക്കുംമുമ്പ് മടങ്ങി. മുഹമ്മദ് സിറാജിന്റെ പന്തിൽ വിരാട് കോഹ്ലിക്ക് ക്യാച്ച്. വെയ്ൻ പാർണെൽ എറിഞ്ഞ അടുത്ത ഓവറിൽ ജോസ് ബട്ലറും (2 പന്തിൽ 0) പുറത്ത്. രണ്ട് ഓപ്പണർമാരും റണ്ണെടുക്കുംമുമ്പ് കൂടാരം കയറിയത് രാജസ്ഥാനെ ഉലച്ചു. ക്യാപ്റ്റൻ സഞ്ജുവിലായി പ്രതീക്ഷ. എന്നാൽ, പാർണെലിനെ കടന്നാക്രമിക്കാൻ ശ്രമിച്ച സഞ്ജുവിന് (5 പന്തിൽ 4) പിഴച്ചു. അനുജ് റാവത്തിന് ക്യാച്ച് നൽകി മടങ്ങുമ്പോൾ സ്കോർ 7–3. സ്വാധീന താരമായ ദേവ്ദത്ത് പടിക്കലിനും (4 പന്തിൽ 4) ജോ റൂട്ടിനും (15 പന്തിൽ 10) പിടിച്ചുനിൽക്കാനായില്ല. ഷിംറോൺ ഹെറ്റ്മെയർ (19 പന്തിൽ 35) നാല് സിക്സറുകളുമായി തോൽവിഭാരം കുറയ്ക്കാൻ ശ്രമിച്ചു. അപ്പോഴേക്കും മറുവശം തകർന്നിരുന്നു.

മൂന്നോവറിൽ 10 റൺമാത്രം വഴങ്ങി മൂന്ന് വിക്കറ്റെടുത്ത ദക്ഷിണാഫ്രിക്കൻ താരം പാർണെലാണ് മാൻ ഓഫ് ദി മാച്ച്. മിച്ചേൽ ബ്രേസ്വെല്ലും കാൻ ശർമയും രണ്ടുവീതം വിക്കറ്റ് നേടി.

ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ബാംഗ്ലൂരിനായി ഗ്ലെൻ മാക്സ്വെലും (33 പന്തിൽ 54) ക്യാപ്റ്റൻ ഫാഫ് ഡു പ്ലെസിസും (44 പന്തിൽ 55) തിളങ്ങി. 11 പന്തിൽ 29 റണ്ണുമായി പുറത്താകാതെനിന്ന അനുജ് റാവത്താണ് മികച്ച സ്കോറിലെത്തിച്ചത്. വിരാട് കോഹ്ലിയുടെയും (19 പന്തിൽ 18) ഡു പ്ലെസിസിന്റെയും വിക്കറ്റ് നേടിയെങ്കിലും മലയാളി പേസർ കെ എം ആസിഫ് നാലോവറിൽ വിട്ടുകൊടുത്തത് 42 റണ്ണാണ്. അവസാന ഓവറിൽ ആസിഫിനെ അനുജ് രണ്ട് സിക്സറും ഒരു ഫോറും ഉൾപ്പെടെ 18 റണ്ണിന് ശിക്ഷിച്ചു.

ചെന്നൈ 6–144

ചെന്നൈ

കൊൽക്കത്ത നൈറ്റ്റൈഡേഴ്സിനെതിരെ ആദ്യം ബാറ്റ് ചെയ്ത ചെന്നൈ സൂപ്പർകിങ്സ് നേടിയത് ആറ് വിക്കറ്റ് നഷ്ടത്തിൽ 144 റൺ. ഐപിഎൽ ക്രിക്കറ്റിൽ രണ്ടാമതുള്ള ചെന്നൈ ജയിച്ചാൽ ഒന്നാംസ്ഥാനത്തോടെ പ്ലേ ഓഫിലെത്തും. 11 ഓവറിൽ 72 റണ്ണെടുക്കുന്നതിനിടെ അഞ്ച് വിക്കറ്റ് നഷ്ടപ്പെട്ട മുൻ ചാമ്പ്യൻമാരെ ശിവം ദുബെയാണ് രക്ഷപ്പെടുത്തിയത്.

ദുബെ 34 പന്തിൽ 48 റണ്ണുമായി പുറത്താകാതെനിന്നു. മൂന്ന് സിക്സറടിച്ചപ്പോൾ ഒറ്റ ഫോർമാത്രം. ധോണി രണ്ട് റണ്ണുമായി പുറത്തായില്ല.

ഓപ്പണർമാരായ ഋതുരാജ് ഗെയ്ക്ക്വാദും (17) ഡെവൻ കോൺവെയും (30) മോശമല്ലാത്ത തുടക്കമാണ് നൽകിയത്. എന്നാൽ, അജിൻക്യ രഹാനെയും (16) അമ്പാട്ടി റായിഡുവും (4) മൊയീൻ അലിയും (1) വേഗം മടങ്ങി. ആറാംവിക്കറ്റിൽ രവീന്ദ്ര ജഡേജ, ദുബെയ്ക്ക് നല്ല കൂട്ടായി. ഇരുവരും 68 റണ്ണടിച്ചു. വരുൺ ചക്രവർത്തിക്കും സുനിൽ നരെയ്നും രണ്ട് വിക്കറ്റ്വീതമുണ്ട്.

പോയിന്റ് പട്ടിക

(ടീം, കളി, ജയം, തോൽവി, പോയിന്റ്)				
ഗുജറാത്ത്	12	8	4	16
ചെന്നൈ	12	7	4	15
മുംബൈ	12	7	5	14
ലഖ്നൗ	12	6	5	13
ബാംഗ്ലൂർ	12	6	6	12
രാജസ്ഥാൻ	13	6	7	12
പഞ്ചാബ്	12	6	6	12
കൊൽക്കത്ത	12	5	7	10
ഹൈദരാബാദ്	11	4	7	8
ഡൽഹി	12	4	8	8

പൊച്ചെട്ടീനോ ചെൽസി പരിശീലകനാകും

ലണ്ടൻ

മൗറീസിയോ പൊച്ചെട്ടീനോ ചെൽസിയുടെ പരിശീലകനാകും. അടുത്ത സീസൺമുതൽ ഈ അർജന്റീനക്കാരനുകീഴിലാകും ചെൽസി അണിനിരക്കുക.

ഈ സീസണിൽ രണ്ട് പരിശീലകരെയാണ് ഇംഗ്ലീഷ് ഫുട്ബോൾ ക്ലബ് പുറത്താക്കിയത്. തോമസ് ടുഷെലിന്റെയും ഗ്രഹാം പൊട്ടെറിന്റെയും കസേര തെറിച്ചു. താൽക്കാലിക ചുമതലയുള്ള ഫ്രാങ്ക് ലംപാർഡിനുകീഴിലാണ് നിലവിൽ ടീം കളിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ചെൽസി നിയമിക്കുന്ന ആറാമത്തെ പരിശീലകനാണ് പൊച്ചെട്ടീനോ. ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ സതാംപ്ടണിന്റെയും ടോട്ടനം ഹോട്സ്പറിന്റെയും കോച്ചായിരുന്നു. പിഎസ്ജി, എസ്പാന്യോൾ ടീമുകൾക്കും ഈ അർജന്റീനക്കാരൻ തന്ത്രമോതി.

മെസിക്ക് കൂവൽ

പാരിസ്

ലയണൽ മെസിയെ വീണ്ടും അപമാനിച്ച് പിഎസ്ജി ആരാധകർ. ഫ്രഞ്ച് ഫുട്ബോൾ ലീഗിൽ അയാക്കിയോക്കെതിരായ മത്സരത്തിനിടെ സ്വന്തം തട്ടകത്തിൽ ഒരുകൂട്ടം ആരാധകർ മെസിയെ കൂവി വിളിച്ചു. രണ്ടാഴ്ചത്തെ വിലക്കിനുശേഷം ആദ്യമായാണ് അർജന്റീന ക്യാപ്റ്റൻ പാരിസുകാർക്കായി കളത്തിലെത്തിയത്. കളിക്കുമുമ്പെ മെസിയുടെ പേര് വിളിച്ചപ്പോഴും കളിക്കിടെ പന്ത് കിട്ടിയപ്പോഴുമെല്ലാം കൂവലുണ്ടായി. ഈ സീസണോടെ മുപ്പത്തഞ്ചുകാരൻ ടീം വിടുമെന്നുറപ്പാണ്. മത്സരത്തിൽ അഞ്ച് ഗോളിന് ജയിച്ച് പിഎസ്ജി കിരീടത്തിലേക്ക് ഒരുപടികൂടി അടുത്തു. കിലിയൻ എംബാപ്പെ ഇരട്ടഗോൾ നേടി.

തേജസ്വിന് വെള്ളി

നാസോ (ബഹാമസ്)

ഇന്ത്യയുടെ ഹൈജമ്പ് താരം തേജസ്വിൻ ശങ്കർ ബഹാമസിൽ നടന്ന ന്യൂ ലൈഫ് ഇൻവിറ്റേഷൻ മീറ്റിൽ വെള്ളി നേടി. 2.21 മീറ്ററാണ് ചാടിയത്.

ആതിഥേയരുടെ ഡൊണാൾഡ് തോമസ് 2.26 മീറ്ററോടെ സ്വർണം നേടി.

ആലപ്പുഴയും തിരുവനന്തപുരവും ജേതാക്കൾ

തിരുവനന്തപുരം

സംസ്ഥാന സബ് ജൂനിയർ ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളിൽ ആലപ്പുഴയും ആൺകുട്ടികളിൽ തിരുവനന്തപുരവും ജേതാക്കളായി. ഫൈനലിൽ ആലപ്പുഴ നിലവിലെ ചാമ്പ്യൻമാരായ കോഴിക്കോടിനെ തോൽപ്പിച്ചു (52–27). കൊല്ലം മൂന്നാമതായി.ആൺകുട്ടികളുടെ ഫൈനലിൽ തിരുവനന്തപുരം 72–50ന് തൃശൂരിനെ കീഴടക്കി. പത്തനംതിട്ടയ്ക്കാണ് മൂന്നാംസ്ഥാനം.

ഫെഡറേഷൻകപ്പ് അത്‌ലറ്റിക്സ് ഇന്നുമുതൽ

റാഞ്ചി

ഫെഡറേഷൻ കപ്പ് അത്‌ലറ്റിക്സിന് ഇന്ന് റാഞ്ചിയിലെ ബിർസമുണ്ട സ്റ്റേഡിയത്തിൽ തുടക്കം. ബാങ്കോക്കിൽ നടക്കുന്ന ഏഷ്യൻ അത്‌ലറ്റിക്സിനുള്ള യോഗ്യതാ ചാമ്പ്യൻഷിപ്പാണ്. 18 വരെ നടക്കുന്ന മീറ്റിൽ 38 ഇനങ്ങളിലാണ് മത്സരം. ആദ്യദിവസം അഞ്ചിനങ്ങളിൽ മെഡൽ നിശ്ചയിക്കും.

കാർത്തിക് 16 പൂജ്യം

ജയ്പൂർ

ഐപിഎൽ ക്രിക്കറ്റിൽ കൂടുതൽ തവണ റണ്ണെടുക്കാതെ പുറത്തായതിന്റെ റെക്കോഡിൽ ദിനേശ് കാർത്തിക്, രോഹിത് ശർമയ്ക്കൊപ്പം. 16–ാം തവണയാണ് കാർത്തിക് പൂജ്യത്തിന് പുറത്താകുന്നത്.

രാജസ്ഥാൻ റോയൽസിനെതിരായ മത്സരത്തിൽ ആദം സാമ്പയുടെ പന്തിൽ വിക്കറ്റിനുമുന്നിൽ കുരുങ്ങിയായിരുന്നു മടക്കം. ഈ സീസണിൽ മോശം പ്രകടനമാണ് റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിന് കളിക്കുന്ന വിക്കറ്റ് കീപ്പറുടേത്. കഴിഞ്ഞ വർഷം ഉജ്വല കളി പുറത്തെടുത്തിരുന്നു തമിഴ്നാടുകാരൻ.